## പതിമൂന്നാം കേരള നിയമ സഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ . T.610. 29.05.2015-ൽ മറുപടിക്ക്.

### സി.എസ്.ഐ. നിഹിലന്റ് ഇ-ഗവേണൻസ് അവാർഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജെയിംസ് മാത്യു. | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ( വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സി.എസ്.ഐ. നിഹിലന്റ് ഇ-ഗവേണൻസ് അവാർഡ് ഏതൊക്കെ മേഖലയിലാണ് നൽകുന്നത്; ഇതിനായി സർക്കാർ അപേക്ഷിച്ചിട്ടുണ്ടായിരുന്നോ; ആരാണ് അപേക്ഷ നൽകിയത്; ഏത് നിർവ്വഹണത്തിനാണ് അവാർഡ് ലഭിച്ചത്; | (എ) & (ബി) വിവര സാങ്കേതിക മേഖലയിൽ നടപ്പാക്കി വരുന്ന ഇ-ഗവേണൻസ് പദ്ധതികളുടെ വിജയകരമായ നടത്തിപ്പിന് പ്രോത്സാഹനം എന്ന നിലയിലാണ് അവാർഡ് ഏർപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാന സർക്കാരിനു വേണ്ടി സംസ്ഥാന ഐ.റ്റി മിഷനാണ് നോമിനേഷനുകൾ സമർപ്പിച്ചിട്ടുള്ളത്. 2006-2007-ൽ ഇ-ഗവേണൻസ് പ്രോഗ്രെസ്സീവ് സ്റ്റേറ്റ് വിഭാഗത്തിലും ബെസ്റ്റ് ഇ-ഗവേണൻസ് വിഭാഗത്തൽ Capnic എന്ന പദ്ധതിക്കും അവാർഡ് നേടുകയുണ്ടായി. 2007-2008-ൽ പ്രോഗ്രെസ്സീവ് ഇ-ഗവേണൻസ് സ്റ്റേറ്റ് വിഭാഗത്തിലും ബെസ്റ്റ് ഇ collectorate വിഭാഗത്തിൽ പാലക്കാട് ജില്ലാ കലക്ടേറ്റിനും അവാർഡ് ലഭിച്ചു. 2008-2009-ൽ കണ്ണൂർ ജില്ലക്ക് ഈ ഗവേർണൻസ് Appreciation അവാർഡും Award of Excellence വിഭാഗത്തിൽ hs-CAPNIC എന്ന പദ്ധതിക്കും അവാർഡു ലഭിച്ചു. ഇതു കൂടാതെ സംസ്ഥാന സർക്കാരിന്റെ ഇകൃഷി |
| (ബി) ഏതൊക്കെ വർഷങ്ങളിൽ സംസ്ഥാനം ഈ അവാർഡിനായി അപേക്ഷിച്ചിരുന്നു; ഏതൊക്കെ വർഷങ്ങളിൽ അവാർഡ് ലഭിച്ചിട്ടുണ്ട്. എന്തിനെ ആസ്പദമാക്കി ; വിശദമാക്കാമോ; | |

എന്ന പദ്ധതിക്ക് Award of excellence ലഭിച്ചു. 2009-2010--, 2010-2011 എന്നീ വർഷങ്ങളിൽ ഇ-Tax Administration Programe നും സി എസ് ഐ അവാർഡ് ലഭിച്ചു. 2011-2012-ൽ ഇ-ഗവേണൻസ് രംഗത്തെ മികവിന്, സംസ്ഥാന ഐ ടി മിഷൻ നടപ്പിലാക്കിയ ഇ-ഡിസ്ട്രിക്റ്റ് പദ്ധതിക്ക് ലഭിച്ചു. 2013-ൽ സംസ്ഥാന സർക്കാർ വിജയകരമായി നടപ്പാക്കിയ ഇ-ടെണ്ടർ അഥവാ ഇ-പ്രൊക്യൂർമെന്റ് സംവിധാനത്തിനും അതുപോലെ ഐടി മിഷനിൽ നടപ്പിലാക്കിയ ഡി ഡി എഫ് എസ് നും ( Digital document file system) അവാർഡ് ലഭിക്കുകയുണ്ടായി. 2014-ൽ സ്റ്റേറ്റ് കാറ്റഗറി വിഭാഗത്തിലാണ് സി എസ് ഐ നിഹിലന്റ് അവാർഡ് സംസ്ഥാനത്തിന് ലഭിച്ചത്.

(സി) മറ്റേതെല്ലാം സംസ്ഥാനങ്ങൾക്ക് ഈ വർഷം (സി) സി.എസ്.ഐ. നിഹിലന്റ് അവാർഡ് ലഭിച്ചിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാക്കുമോ?

2014-ൽ മറ്റു പ്രധാന വിഭാഗങ്ങളിലായി മധ്യപ്രദേശ്, ഗുജറാത്ത്, ഛത്തീസ്ഗഢ്, ഡൽഹി എന്നീ സംസ്ഥാനങ്ങൾക്കും കേരളത്തിനു പുറമേ അവാർഡുകൾ ലഭിക്കുകയുണ്ടായി.

സെക്ഷൻ ഓഫീസർ.